Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/ 2024/ 1631 (1) തീയതി : 19.08.2024

# സർക്കുലർ

വിഷയം:- കൈറ്റ് - പ്രൈമറി ഹൈടെക് ലാബ് പദ്ധതി - ലാപ്ടോപ്പുകളുടെയും പ്രൊജക്ടറുകളുടെയും വിവരശേഖരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(സാധാ) നം 2177/ 2019/ പൊ.വി.വ. തീയതി 06.06.2019
2. സ.ഉ(സാധാ)നം.818/ 2023/ GEdn തീയതി 30.01.2023.
3. സർക്കാർ നിയോഗിച്ച ഐടി സാങ്കേതിക സമിതിയുടെ 02.08.2024 യോഗതീരുമാനം.

സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കൈറ്റ് നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ വാറണ്ടി അവസാനിക്കുന്നതനുസരിച്ച് AMC ഏർപ്പെടുത്തുന്നതിനായി ലാപ്ടോപ്പുകളുടെയും പ്രൊജക്ടറുകളുടെയും നിലവിലെ പ്രവർത്തനക്ഷമത കണ്ടെത്തുന്നതിനുള്ള വിവരശേഖരണം നടത്തുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 'സമ്പൂർണ' വെബ്സൈറ്റിൽ <u>AMC-Status Survey</u> ൽ ഉൾപ്പെടുത്തിയ ലാപ്ടോപ്പുകളുടെയും പ്രൊജക്ടറുകളുടെയും പ്രവർത്തനക്ഷമത സംബന്ധിച്ച വിവരം **22.08.2024 മുതൽ 27.08.2024** വരെ അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുത്തേണ്ടതാണ് (യൂസർ ഗൈഡ് അനുബന്ധമായി ചേർക്കുന്നു).
2. ഓരോ ലാപ്ടോപ്പും പ്രൊജക്ടറും പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം വിവരം ഓൺലൈനിൽ നൽകേണ്ടതാണ്. PSITC മാരുടെ സേവനം ഇതിനായി സ്കൂൾ പ്രഥമാധ്യാപകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.
3. സ്കൂൾ അധികൃതർ ഓൺലൈനിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ കൈറ്റ് മാസ്റ്റർ ട്രെയിനർമാർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർ പരിശോധിക്കേണ്ടതും ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
4. വാറണ്ടി കാലയളവിലെന്നപോലെ എ.എം.സി കാലയളവിലും ഉപകരണങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ/പരാതികൾ രജിസ്റ്റർ ചെയ്യാൻ കൈറ്റ് ഓൺലൈൻ സൗകര്യം ഒരുക്കുന്നതാണ്. പ്രഥമാധ്യാപകർ പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തേണ്ടതാണ് (ഇത് സംബന്ധിച്ച നിർദേശങ്ങൾ പിന്നീട് ലഭ്യമാക്കും).
5. പ്രവർത്തനക്ഷമമായ ഉപകരണങ്ങൾ മാത്രമേ എ.എം.സി-യിൽ ഉൾപ്പെടുത്തുന്നുവെന്നത് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
6. വാറണ്ടി കാലയളവ് പൂർത്തിയായതും എ.എം.സി-യിൽ ഉൾപ്പെടുത്താൻ കഴിയാത്തതുമായ ഉപകരണങ്ങളുടെ കാര്യത്തിൽ അവ തിരിച്ചെടുത്ത്, കഴിയുമെങ്കിൽ ആവശ്യമുള്ള സ്കൂളുകളിൽ ലഭ്യമാക്കാൻ കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാർ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ


എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂൾ വിഭാഗം പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും
സ്റ്റോക്ക് ഫയൽ

അനുബന്ധം


**യൂസർഗൈഡ്**

1. സ്കൂൾ പ്രഥമാധ്യാപകർ സമ്പൂർണയിൽ ലോഗിൻ ചെയ്ത് AMC Status Survey ക്ലിക്ക് ചെയ്യുക.






2. ലഭ്യമാകുന്ന window യിൽ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി കൈറ്റ് മുഖേന സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ എന്നിവയുടെ Serial Number ഉൾപ്പെടെ ദൃശ്യമാകും.





3. ഓരോ ലാപ്ടോപ്പ്/പ്രൊജക്റ്ററും Working ആണോ Not Working ആണോ എന്ന് രേഖപ്പെടുത്തേണ്ടതാണ് (ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത സ്കൂൾതല സമിതി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്).





4. Not working ആണെങ്കിൽ;
   1. Repairable ആണോ, ആണെങ്കിൽ Complaint Register ചെയ്തിട്ടുണ്ടോ എന്നും അതിന്റെ Remarks കോളവും പൂരിപ്പിക്കേണ്ടതാണ്.




   2. Non-Repairable ആണെങ്കിൽ അത് Damage ആണോ, Lost ആണോ എന്ന വിവരം ഉൾപ്പെടുത്തേണ്ടതാണ്. Remarks കോളത്തിൽ damage എങ്ങനെയായി, Lost-മോഷണം ആണോ, ആണെങ്കിൽ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ, ഇൻഷുറൻസ് ക്ലെയിം ചെയ്തിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.



5. എല്ലാ ലാപ്ടോപ്പ്/പ്രൊജക്ടറുകളുടേയും വിവരം ഉൾപ്പെടുത്തിയശേഷം Save ചെയ്യുക.




Entry Form | Preview & Confirm

| # | Serial Number | Device | Working | Not Working | | Remarks |
|---|---|---|---|---|---|---|
| | | | | Repairable (Complaint Registered) | Non Repairable or Damaged or Lost | |
| 1 | PDK6K0229404E | PROJECTOR (LP/UP) BENQ MX 535P | ☑ | ☐ | ☐ | |
| 2 | PDK6K0228204E | PROJECTOR (LP/UP) BENQ MX 535P | ☐ | ☑ | ☐ | |

Save

6. Save ചെയ്യുമ്പോൾ Preview and Confirm എന്ന അടുത്ത tab ലഭിക്കും. നൽകിയ വിവരങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ Edit ബട്ടൺ ഉപയോഗിക്കാം. അതിനശേഷം Confirm ചെയ്യേണ്ടതാണ്.



Entry Form | Preview & Confirm

PDF

| # | Serial Number | Device | Working | Not Working | | Remarks |
|---|---|---|---|---|---|---|
| | | | | Repairable (Complaint Registered) | Non Repairable or Damaged or Lost | |
| 1 | PDK6K0229404E | PROJECTOR (LP/UP) BENQ MX 535P | Yes | | | a |
| 2 | PDK6K0228204E | PROJECTOR (LP/UP) BENQ MX 535P | | Yes | | b |
| 3 | NXEFMSI003928017CB0X10 | LAPTOP (LP/UP) ACER ONE 14-Z2485 | | | Yes | c |
| 4 | NXEFMSI003928013CB0X10 | LAPTOP (LP/UP) ACER ONE 14-Z2485 | | Yes | | d |
| 5 | NXEFMSI003928013CE0X10 | LAPTOP (LP/UP) ACER ONE 14-Z2485 | Yes | | | e |
| 6 | NXEFMSI003928013CC0X10 | LAPTOP (LP/UP) ACER ONE 14-Z2485 | | Yes | | f |
| 7 | NXEFMSI0039280148B0X10 | LAPTOP (LP/UP) ACER ONE 14-Z2485 | | | Yes | g |

Edit | Confirm